മുമ്പ് മൂന്നു ഫാക്ടറികളും എന്റെ നിയോജക മണ്ഡലത്തിൽ ഉണ്ടായിരുന്നു. ആ മൂന്നു ഫാക്ടറികളും കഴിഞ്ഞ ഒരു കൊല്ലമായി പൂട്ടിക്കിടക്കുകയാണ്. ഈ ഫാക്ടറി സഹകാര്യമേഖലയ്ക്ക് കൊടുക്കുവാനുള്ള നടപടി പിൻവലിക്കണം. ഇത് പൊതുമേഖലയിൽത്തന്നെ തുടരുകയും വേണം. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. ഏതായാലും മൂന്നുമാസംകൂടി ഭരിക്കാനേ ഇവർക്ക് അവകാശമുള്ളു. ആ മൂന്നു മാസത്തേക്ക് എങ്കിലും സഹകാര്യമേഖലയ്ക്ക് കൊടുക്കുവാനുള്ള നടപടി നിറുത്തിവയ്ക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നാം വലിയ സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണ്. ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന ഉൽക്കണ്ഠയിലാണ് ഗവൺമെന്റ്. കെ. എസ്. ഐ. ഡി. സി., കെ. എഫ്. സി., കെ. എസ്. ഐ. ഇ. മുതലായ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് അനന്തര നടപടികളും കൈക്കൊള്ളാൻ മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(40) കാസർകോട് നിയോജകമണ്ഡലത്തിലെ 110 കെ. വി. സബ്സ്റ്റേഷന്റെ പണി

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാസർകോട് നിയോജകമണ്ഡലത്തിലെ മുള്ളരിയ എന്ന സ്ഥലത്ത് പത്തുവർഷം മുമ്പ് നിർദ്ദേശിക്കപ്പെട്ട 110 കെ. വി. സ്റ്റേഷന്റെ പണി ഇന്നുവരെ ആരംഭിച്ചിട്ടില്ല. ആ മേഖല ഇരുട്ടിലാണ്. ആ സ്ഥലത്തിന്റെ ഏതെങ്കിലും ഭാഗത്തുകൂടി കമ്പി കടന്നുപോകുന്നു എന്നല്ലാതെ അവിടെ വൈദ്യുതി ഇല്ല. കർണ്ണാടക സംസ്ഥാനത്തിന്റെ തൊട്ടടുത്തു കിടക്കുന്ന പതിയടുക്ക, വെള്ളൂർ, കമ്പളാപ്പ, ഏലമ്പാടി, കാറടുക്ക മുതലായ 7 പഞ്ചായത്തുകളും വെളിച്ചമില്ലാതെ കഴിയുകയാണ്. വെളിച്ചമുള്ള സ്ഥലത്ത് വോൾട്ടേജ് ഇല്ല. വ്യാവസായിക ജില്ലയായി ആ ജില്ലയെ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇന്നുവരെ വ്യവസായം ആരംഭിക്കാനുള്ള വൈദ്യുതി കിട്ടിയില്ല. അവിടെ ഇറിഗേഷൻ സൗകര്യം അത്യാവശ്യമാണ്. അടയ്ക്കാ കൃഷിക്കാർ വളരെയേറെ കഷ്ടത്തിലും നഷ്ടത്തിലുമാണ്. കാർഷിക മേഖലയാകെ തകർന്നിരിക്കുന്നു. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ കൈകൊണ്ടുതന്നെ ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഈ പറഞ്ഞ സബ്സ്റ്റേഷന് ഒന്നരക്കോടി രൂപ ഇലക്ട്രിസിറ്റി ബോർഡ് അനുവദിച്ചിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനെ സംബന്ധിച്ച് ചില കേസുകളും തർക്കങ്ങളും നിലവിലുണ്ടായിരുന്നു. പക്ഷേ അടുത്ത കാലത്ത് കാസർഗോഡ് ജില്ലാ കളക്ടർ ഇത് സംബന്ധിച്ച് തർക്ക കക്ഷികളുമായി ബന്ധപ്പെട്ട് ഒരു തീരുമാനം എടുക്കുകയും കേസ് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് സബ്സ്റ്റേഷന്റെ പണി വളരെവേഗം തുടങ്ങാനും അടുത്ത ഒന്നര കൊല്ലത്തിനുള്ളിൽ പൂർത്തിയാക്കാനുമാണ് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ തടസ്സങ്ങളൊക്കെ നീങ്ങി;

LIBRARY ARCHIVES Kerala Legislative Assembly